സർക്കാർ മേഖലയിലെ മെഡിക്കൽ കോളേജുകൾ

116 (823) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗവൺമെന്റ് മേഖലയിൽ എത്ര മെഡിക്കൽ കോളേജുകൾ ആരംഭിച്ചു ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഗവൺമെന്റ് മേഖലയിൽ എത്ര മെഡിക്കൽ കോളേജുകൾ ഉണ്ടായിരുന്നു; എം.ബി.ബി.എസ്.-നും എംഡി/എംഎസ്-നും എത്ര സീറ്റുകൾ ലഭ്യമായിരുന്നു. ഇപ്പോൾ എത്ര സീറ്റുകൾ ലഭ്യമാണ് ;

(സി) അടുത്ത രണ്ട് വർഷത്തിനുള്ളിൽ പുതുതായി എത്ര മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ ?

ഉത്തരം

(എ) മഞ്ചേരിയിലും ഇടുക്കിയിലും പാലക്കാടും (പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ) ഓരോ മെഡിക്കൽ കോളേജ് വീതം സർക്കാർ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേപ്പി-ന്റെ നിയന്ത്രണത്തിലുണ്ടായിരുന്ന കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുകയും ചെയ്തു.

(ബി) അഞ്ച്. എം.ബി.ബി.എസ്.-ന് ആകെ 900 സീറ്റുകളും എം.ഡി./എം.എസ്.-ന് 430 സീറ്റുകളും ലഭ്യമായിരുന്നു. ഇപ്പോൾ എം.ബി.ബി.എസ്.-ന് 1250 സീറ്റുകളും എം.ഡി./എം.എസ്.-ന് 525 സീറ്റുകളുമാണുള്ളത്.

(സി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സർക്കാർ മേഖലയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുകയെന്നതാണ് സർക്കാർ വിഭാവന ചെയ്യുന്നത്. കാസർഗോഡ്, തിരുവനന്തപുരം, കോന്നി, വയനാട് എന്നിവിടങ്ങളിൽ ആരംഭിക്കുന്ന പുതിയ മെഡിക്കൽ കോളേജുകളുടെ പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഇവ കൂടാതെ ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് പൊതുസ്വകാര്യ പങ്കാളിത്തത്തിലുള്ള മെഡിക്കൽ കോളേജിന്റെയും പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly